കൊല്ലം ജില്ല സഹകരണ ബാങ്കുകളിലേയ്ക്ക് ക്ലാർക്കുമാരുടെ തെരഞ്ഞെടുപ്പ്

1876 [2922] ശ്രീ. ടി. കെ. അബ്ദു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ല സഹകരണബാങ്കിലേക്ക് ക്ലാർക്കുമാരെ തെരഞ്ഞെടുക്കുവാൻ അവസാനമായി എഴുത്തുപരീക്ഷ നടത്തിയത് എന്നാണ് ;

(ബി) ഇപ്പോഴും അവിടെ എത്ര ഒഴിവുകളാണ് ഉള്ളത് ;

(സി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചോ ; എങ്കിൽ എന്നാണ് ;

(ഡി) അതിന്റെ അടിസ്ഥാനത്തിൽ ആരെയെങ്കിലും ഇൻറർവ്യൂ നടത്തിയോ ; എങ്കിൽ എന്നാണ് ; എത്ര പേരെ ഇൻറർവ്യൂ നടത്തി ;

(ഇ) ഇൻറർവ്യൂവിന്റെ അടിസ്ഥാനത്തിൽ നിയമനത്തിനായി എത്ര പേരെ തെരഞ്ഞെടുത്തു ; ഇവരുടെ ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കുമോ ;

(എഫ്) ഇവരെ നിയമിക്കുന്നതിനെതിരായി എന്തെങ്കിലും സ്റ്റേ നിലനിൽക്കുന്നുണ്ടോ ;

(ജി) സ്റ്റേ നീക്കി റാങ്ക് ലിസ്റ്റിലുള്ളവരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 8-12-1985-ൽ

(ബി) 40 ഒഴിവുകൾ

(സി) എഴുത്തുപരീക്ഷയുടെ ഫലം പ്രസിദ്ധീകരിക്കുന്നതിനുള്ള പതിവില്ല.

(ഡി) 220 ഉദ്യോഗാർത്ഥികളെ 1986 ജൂൺ മാസം 3, 4, 5, 11, 13 എന്നീ തീയതികളിൽ ഇൻറർവ്യൂ നടത്തി.

(ഇ) ഒഴിവ് വരുന്ന മുറയ്ക്ക് നിയമനത്തിനായി ബാങ്ക് 220 പേരുടെ ഒരു റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല.

(എഫ്) ഇല്ല.

(ജി) ചോദ്യം ഉദിക്കുന്നില്ല.

സഹകരണ സംഘങ്ങളിലൂടെ സംഭരിച്ച കൊപ്ര

1877 [2924] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേര കർഷകരെ സഹായിക്കുന്നതിന് സഹകരണ സംഘങ്ങളിലൂടെ കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ എത്ര ടൺ കൊപ്ര സംഭരിച്ചു ;

(ബി) ഇപ്പോൾ സഹകരണ സംഘങ്ങൾ കൊപ്ര സംഭരിക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 33.518 മെട്രിക് ടൺ കൊപ്ര സംഭരിച്ചു.

(ബി) ഉണ്ട്.

വഴുതയ്ക്കാട്ടുള്ള സൂപ്പർമാർക്കറ്റിലെ പച്ചക്കറി വിൽപ്പന

1878 [2925] ശ്രീ. എം. കെ. കേശവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് വഴുതയ്ക്കാട്ടുള്ള സൂപ്പർമാർക്കറ്റിൽ പച്ചക്കറി വിൽപ്പന മന്ദീഭവിച്ചിരിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പൊതുജനങ്ങൾക്കാവശ്യമുള്ള പച്ചക്കറികൾ വാങ്ങിവെയ്ക്കാൻ കഴിയാതെ വരുന്നത് ഈ സ്ഥാപനത്തിന്റെ സാമ്പത്തിക ഞെരുക്കം കൊണ്ടാണെന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(സി) ഈ സ്ഥാപനത്തിന്റെ സാമ്പത്തിക തകർച്ചയെക്കുറിച്ച് അന്വേഷിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) പൊതുജനങ്ങൾക്കാവശ്യമായ പച്ചക്കറികൾ സുലഭമായി ഈ സ്ഥാപനത്തിലൂടെ വിതരണം ചെയ്യാൻ വേണ്ടി നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ, ബി) ഇല്ല.

(സി) ഇക്കാര്യത്തെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ട്.

(ഡി) സ്വീകരിക്കുന്നതാണ്.

''കേരളാ സ്റ്റേറ്റ് സോഷ്യൽ വെൽഫെയർ അഡ്വൈസറി ബോർഡ്''

1879 [2926] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ സ്റ്റേറ്റ് സോഷ്യൽ വെൽഫെയർ അഡ്വൈസറി ബോർഡ് പുനഃസംഘടിപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പുനഃസംഘടിപ്പിക്കപ്പെട്ട ബോർഡിലെ അംഗങ്ങളുടെ പേരുവിവരം മേശപ്പുറത്ത് വയ്ക്കുമോ ?

ഉത്തരം

(എ) സംസ്ഥാന സോഷ്യൽ വെൽഫെയർ അഡ്വൈസറി ബോർഡ് പുനഃസംഘടിപ്പിക്കുന്നതിനുള്ള ഒരു നാമനിർദ്ദേശം കേന്ദ്ര സോഷ്യൽ വെൽഫെയർ ബോർഡിനു അയച്ചിരിക്കുകയാണ്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly